compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഫെബ്രുവരി 17
Tuesday, 17th February 2026

1201 കുംഭം 5
5th Kumbham 1201

1947 മാഘം 28
28th Magha 1947

വാല്യം 15
Vol. XV

നമ്പർ 7
No.

Part III

Coir Development

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

LIC/585/2012 തീയ്യതി: 17/02/2026

ലേല പരസ്യം

ലിക്വിഡേഷനിലുള്ള പൊയ്യ കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 585 ന്റെ വക താഴെ പട്ടികയിൽ വിവരിക്കുന്ന സാധനങ്ങൾ 2026 മാർച്ച് മാസം 21 ആം തീയ്യതി ശനിയാഴ്ച പകൽ 10 മണിക്ക് സംഘം വക ഓഫീസിൽ വച്ച് ലിക്വിഡേറ്റർ പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം കൃത്യ സമയത്തിന് മുൻപായി 250/- രൂപ നിരത ദ്രവ്യം കെട്ടിവക്കേണ്ടതാണ്. അപ്രകാരം നിരത ദ്രവ്യം കെട്ടിവക്കുന്നവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുകയുള്ളൂ. ലേലത്തിൽ പങ്കെടുക്കുന്നവരുടെ നിരത ദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ കൊടുക്കുന്നതാണ്. ഏറ്റവും കൂടുതൽ ലേലം കൊള്ളുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലത്തുകയുടെ പകുതി അപ്പോൾത്തന്നെ അടക്കേണ്ടതുമാണ്. ബാക്കി തുകയും വില്പന നികുതിയും (18%) ലേലം സ്ഥിരപ്പെടുത്തിയതായി അറിയിക്കുന്ന തീയ്യതി മുതൽ 7 ദിവസത്തിനുള്ളിൽ അടക്കേണ്ടതാണ്. ലേലം കൊണ്ട സാധനങ്ങൾ അന്നുതന്നെ സ്വന്തം ഉത്തരവാദിത്തത്തിൽ കൊണ്ട് പോകേണ്ടതുമാണ്. ലേലത്തുകയിൽ ബാക്കി നിശ്ചിത തീയ്യതിക്കുള്ളിൽ അടക്കാതിരുന്നാൽ ലേലം കൊണ്ട സാധനങ്ങൾ വീണ്ടും ലേലം ചെയ്യുന്നതും ആവർത്തന ലേലത്തിൽ ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. എന്നാൽ ആവർത്തന ലേലത്തിൽ ഉണ്ടാകുന്ന ലാഭത്തിൽ മുൻലേലക്കാരന് അവകാശമുണ്ടായിരിക്കുന്നതല്ല. ആവർത്തന ലേലത്തിന് ഉത്തരവാദിയാകുന്ന ആളിന്റെ നിരത ദ്രവ്യം മടക്കി കൊടുക്കുന്നതല്ല. ലേലം മാറ്റിവക്കുന്നതാണ് ഉചിതമെന്ന് തോന്നുന്ന പക്ഷം ലേലം സ്ഥിരപ്പെടുത്താതിരിക്കുന്നതിനും ലിക്വിഡേറ്റർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

പട്ടിക

സ്റ്റീൽ ചെയർ – 6 എണ്ണം
വുഡൻ ചെയർ –2 എണ്ണം
വുഡൻ ബെഞ്ച്–2 എണ്ണം
വുഡൻ ടേബിൾ –1 എണ്ണം
സ്റ്റീൽ അലമാര –1 എണ്ണം
സ്റ്റീൽ ടേബിൾ –1 എണ്ണം
സൈക്കിൾ –1 എണ്ണം
റാട്ട –1 എണ്ണം
ബാലൻസ് വെയ്റ്റ് –2 എണ്ണം
ഹോസ് –2 എണ്ണം
ടാർപോളിൻ–1 എണ്ണം

ഒപ്പ് /-

ലിക്വിഡേഷൻ ഇൻസ്പെക്ടർ

കയർ പ്രോജക്ട് ഓഫീസ് തൃശ്ശൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

LIC/442/2012 തീയ്യതി: 17/02/2026

ലേല പരസ്യം

ലിക്വിഡേഷനിലുള്ള ആല കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 442 ന്റെ വക താഴെ പട്ടികയിൽ വിവരിക്കുന്ന സാധനങ്ങൾ 2026 മാർച്ച് മാസം 21 ആം തീയ്യതി ശനിയാഴ്ച ഉച്ചക്ക് 2 മണിക്ക് സംഘം വക ഓഫീസിൽ വച്ച് ലിക്വിഡേറ്റർ പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം കൃത്യ സമയത്തിന് മുൻപായി 250/- രൂപ നിരത ദ്രവ്യം കെട്ടിവക്കേണ്ടതാണ്. അപ്രകാരം നിരത ദ്രവ്യം കെട്ടിവക്കുന്നവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുകയുള്ളൂ. ലേലത്തിൽ പങ്കെടുക്കുന്നവരുടെ നിരത ദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ കൊടുക്കുന്നതാണ്. ഏറ്റവും കൂടുതൽ ലേലം കൊള്ളുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലത്തുകയുടെ പകുതി അപ്പോൾത്തന്നെ അടക്കേണ്ടതുമാണ്. ബാക്കി തുകയും വില്പന നികുതിയും (18%) ലേലം സ്ഥിരപ്പെടുത്തിയതായി അറിയിക്കുന്ന തീയ്യതി മുതൽ 7 ദിവസത്തിനുള്ളിൽ അടക്കേണ്ടതാണ്. ലേലം കൊണ്ട സാധനങ്ങൾ അന്നുതന്നെ സ്വന്തം ഉത്തരവാദിത്തത്തിൽ കൊണ്ട് പോകേണ്ടതുമാണ്. ലേലത്തുകയിൽ ബാക്കി നിശ്ചിത തീയ്യതിക്കുള്ളിൽ അടക്കാതിരുന്നാൽ ലേലം കൊണ്ട സാധനങ്ങൾ വീണ്ടും ലേലം ചെയ്യുന്നതും ആവർത്തന ലേലത്തിൽ ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. എന്നാൽ ആവർത്തന ലേലത്തിൽ ഉണ്ടാകുന്ന ലാഭത്തിൽ മുൻലേലക്കാരന് അവകാശമുണ്ടായിരിക്കുന്നതല്ല. ആവർത്തന ലേലത്തിന് ഉത്തരവാദിയാകുന്ന ആളിന്റെ നിരത ദ്രവ്യം മടക്കി കൊടുക്കുന്നതല്ല. ലേലം മാറ്റിവക്കുന്നതാണ് ഉചിതമെന്ന് തോന്നുന്ന പക്ഷം ലേലം സ്ഥിരപ്പെടുത്താതിരിക്കുന്നതിനും ലിക്വിഡേറ്റർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

പട്ടിക

റാട്ട – 18 എണ്ണം
ആം ചെയർ വുഡൻ – 4 എണ്ണം
ആം ലെസ്സ് ചെയർ വുഡൻ – 4 എണ്ണം
വുഡൻ അലമാര– 1 എണ്ണം
ടേബിൾ പ്ലൈവുഡ് –1 എണ്ണം
ബെഞ്ച് – 2 എണ്ണം
ഫോൾഡിങ് ചെയർ –7 എണ്ണം
ക്യാഷ് ബോക്സ് – 1 എണ്ണം

ഒപ്പ് /-
ലിക്വിഡേഷൻ ഇൻസ്പെക്ടർ
കയർ പ്രോജക്ട് ഓഫീസ് തൃശ്ശൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലിക്വിഡേഷൻ ക്ലെയിം നോട്ടീസ്

(1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72 ചട്ടം 69(2) പ്രകാരം പരസ്യപ്പെടുത്തുന്നത്)

JCI /LQDR/1212/2026 **തീയതി 16/02/2026**

തിരുവനന്തപുരം കയർ വികസന ഡയറക്ടറുടെ 03/12/2025ലെ DCD/917/2022-CS3 നമ്പർ ഉത്തരവ് പ്രകാരം സർവ്വോദയ സംയോജിത സി. വി. സി.എസ് ലിമിറ്റഡ് നമ്പർ M 1212, എലപ്പുള്ളി പി.ഒ, പാലക്കാട് എന്ന സംഘം ലിക്വിഡേറ്റ് ചെയ്യുന്നതിനായി 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72 പ്രകാരം പൊന്നാനി (കയർ) പ്രൊജക്ട് ഓഫീസിലെ ജൂനിയർ സഹകരണ ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചിട്ടുള്ളതും 29.12.2025 -ന് ലിക്വിഡേറ്റർ ചുമതല ഏറ്റെടുത്തിട്ടുള്ളതുമാണ്.

സമാപ്തികരണ നടപടികളുടെ ഭാഗമായി ടി സംഘത്തിന്റെ എല്ലാ ഇടപാടുകളും അവസാനിപ്പിക്കേണ്ടതിനാൽ ടി സംഘത്തിൽ നിന്നും എന്തെങ്കിലും തുക ലഭിക്കാനുള്ളവർ തങ്ങളുടെ അവകാശ വാദങ്ങൾ ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ 60 ദിവസത്തിനകം (ലഭിക്കാനുള്ള തുകയുടെ വിശദ വിവരങ്ങൾ ഉൾപ്പടെ) ലിക്വിഡേറ്ററെ രേഖമൂലം അറിയിക്കേണ്ടതാണെന്നും ഈ സംഘത്തിലേക്ക് ഏതെങ്കിലും ഇനത്തിൽ അടയ്ക്കുവാനുള്ള തുക നേരിൽ വന്ന് അടച്ച് രസീത് വാങ്ങേണ്ടതാണെന്നും ഉള്ള വിവരം എല്ലാ സംഘാംഗങ്ങളെയും ഇടപാടുകാരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ച് കൊള്ളുന്നു. മേൽ പറഞ്ഞ തീയതിക്ക് ശേഷമുള്ള യാതൊരു അവകാശവാദങ്ങളും പരിഗണിക്കുന്നതല്ലായെന്നും അറിയിച്ചുകൊള്ളുന്നു.

ഒപ്പ്
ലിക്വിഡേറ്റർ
സർവ്വോദയ സംയോജിത സി. വി. സി.എസ് ലിമിറ്റഡ് നമ്പർ M 1212
(ജൂനിയർ സഹകരണ ഇൻസ്പെക്ടർ, പ്രോജക്ട് ഓഫീസ് (കയർ), പൊന്നാനി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലിക്വിഡേഷൻ ക്ലെയിം നോട്ടീസ്

(1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72 ചട്ടം 69(2) പ്രകാരം പരസ്യപ്പെടുത്തുന്നത്)

JCI /LQDR/1268/2026 **തീയതി 16/02/2026**

തിരുവനന്തപുരം കയർ വികസന ഡയറക്ടറുടെ 23/12/2025ലെ DCD/942/2025-CS3 നമ്പർ ഉത്തരവ് പ്രകാരം ഇന്ദിരാപ്രിയദർശിനി സംയോജിത സി. വി. സി. എസ് ലിമിറ്റഡ് നമ്പർ M 1268, നാമ്പുള്ളിപ്പുര പി.ഒ, മുണ്ടൂർ, പാലക്കാട് എന്ന സംഘം ലിക്വിഡേറ്റ് ചെയ്യുന്നതിനായി 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72 പ്രകാരം പൊന്നാനി (കയർ) പ്രൊജക്ട് ഓഫീസിലെ ജൂനിയർ സഹകരണ ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചിട്ടുള്ളതും 24.01.2026-ന് ലിക്വിഡേറ്റർ ചുമതല ഏറ്റെടുത്തിട്ടുള്ളതുമാണ്.

സമാപ്തീകരണ നടപടികളുടെ ഭാഗമായി ടി സംഘത്തിന്റെ എല്ലാ ഇടപാടുകളും അവസാനിപ്പിക്കേണ്ടതിനാൽ ടി സംഘത്തിൽ നിന്നും എന്തെങ്കിലും തുക ലഭിക്കാനുള്ളവർ തങ്ങളുടെ അവകാശ വാദങ്ങൾ ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ 60 ദിവസത്തിനകം (ലഭിക്കാനുള്ള തുകയുടെ വിശദ വിവരങ്ങൾ ഉൾപ്പടെ) ലിക്വിഡേറ്ററെ രേഖമൂലം അറിയിക്കേണ്ടതാണെന്നും ഈ സംഘത്തിലേക്ക് ഏതെങ്കിലും ഇനത്തിൽ അടയ്ക്കുവാനുള്ള തുക നേരിൽ വന്ന് അടച്ച് രസീത് വാങ്ങേണ്ടതാണെന്നും ഉള്ള വിവരം എല്ലാ സംഘാംഗങ്ങളെയും ഇടപാടുകാരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ച് കൊള്ളുന്നു. മേൽ പറഞ്ഞ തീയതിക്ക് ശേഷമുള്ള യാതൊരു അവകാശവാദങ്ങളും പരിഗണിക്കുന്നതല്ലായെന്നും അറിയിച്ചുകൊള്ളുന്നു.

ഒപ്പ്
ലിക്വിഡേറ്റർ
ഇന്ദിരാപ്രിയദർശിനി സംയോജിത സി. വി. സി. എസ് ലിമിറ്റഡ് നമ്പർ M1268
(ജൂനിയർ സഹകരണ ഇൻസ്പെക്ടർ, പ്രോജക്ട് ഓഫീസ് (കയർ), പൊന്നാനി)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.17 03:14:16 +05:30